## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ: 4172

25.06.2018-ലെ മറുപടി

### ഗ്രേസി പോളിന്റെ അപേക്ഷയിൽ സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) 06.08.2007-ലെ കോടതി വിധി പ്രകാരം കോടതിയിൽ കെട്ടി വെച്ച 9750 /-രൂപ റഗുലർ ബില്ലിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനായി എറണാകുളം ജില്ലയിലെ കൊച്ചി, കരുവേലിപ്പടി, CC 16/537A യിൽ താമസിക്കുന്ന ഗ്രേസി പോളിന്റെ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (എ) ശ്രീമതി.ഗ്രേസി പോൾ വാട്ടർ ചാർജ്ജിൽ തർക്കമുന്നയിച്ച് ബഹു. കൊച്ചി മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തു. അത് പ്രകാരം 06.08.2007-ാം തീയതി രസീത് നമ്പർ CDR 19/07-08 പ്രകാരം 9750 /-രൂപ കോടതിയിൽ കെട്ടി വയ്ക്കുകയും ചെയ്തു.<br><br>വെള്ളക്കരം സംബന്ധിച്ച് വാട്ടർ അതോറിറ്റിയും ഉപഭോക്താവും രമ്യതയിൽ എത്തിയെങ്കിലും ടി തുക ജല അതോറിറ്റിയ്ക്ക് കോടതിയിൽ നിന്നും കൈമാറി ലഭിച്ചിട്ടില്ല. ആയതിനാൽ ആണ് ടി തുക ബില്ലിൽ കുറവ് ചെയ്തു നൽകുവാൻ സാധിക്കാത്തത്. ടി തുക കോടതിയിൽ നിന്നു വിട്ടുകിട്ടാൻ വക്കീൽ മുഖാന്തരം നടപടികൾ സ്വീകരിച്ചു വരുന്നു. ഈ തുക ലഭിക്കുന്ന മുറയ്ക്ക് ഉപഭോക്താവിന്റെ ബില്ലിൽ ഇളവു ചെയ്തു നൽകുന്നതാണ്. അതുവരെ ഉപഭോക്താവിന് ഇപ്പോൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ നിരക്ക് മാത്രം അടയ്ക്കുവാൻ സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ